(ബി) മുൻസർക്കാർ പൊതുമേഖലയിൽ പുതുതായി സ്ഥാപിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമായിരുന്നു ; അവയുടെ പ്രവർത്തനം മുന്നോട്ട് പോകുന്നുണ്ടോ ; പ്രസ്തുത സ്ഥാപനങ്ങളിൽ ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ ;

(സി) ഈ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും തുടർപ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ട സഹായങ്ങൾ എന്തൊക്കെയാണ് ; സർക്കാർ നാളിതുവരെ എന്തെല്ലാം സഹായങ്ങൾ നല്കിയിട്ടുണ്ട് ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടില്ല.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന് കീഴിൽ പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 10 പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അവയുടെ പേരുവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* പുതിയതായി തുടങ്ങിയ യൂണിറ്റുകളിൽ 6 സ്ഥാപനങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* മറ്റു സ്ഥാപനങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉത്പ്പാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസുകൾ നിലനിൽക്കുന്നതിനാൽ ജീവനക്കാരെ നിയമിക്കാൻ കഴിയാത്തതാണ് ഈ സ്ഥാപനങ്ങളിൽ ഉത്പ്പാദനം ആരംഭിക്കാൻ വൈകുന്നതിന് പ്രധാന കാരണം.

(സി) സ്ഥാപനങ്ങളുടെ തുടർ പ്രവർത്തനങ്ങൾക്കായി കമ്പനികളുടെ ആവശ്യമനുസരിച്ച് ധനസഹായം സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ നിയമനങ്ങൾ നടന്നിട്ടില്ലാത്ത യൂണിറ്റുകളിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള അനുമതി സർക്കാർ നൽകുകയും അതനുസരിച്ചുള്ള നിയമന പ്രക്രിയകൾ സ്ഥാപനങ്ങളിൽ നടന്നുവരികയും ചെയ്യുന്നു. സർക്കാർ സ്വീകരിച്ച നടപടികളുടെയും ഇനിയും വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാനുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെയും ഉൽപ്പാദനം ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണവും അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

## പൊതുമേഖലയിൽ പുതിയ വ്യവസായങ്ങൾ

**166 (3940)** ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാമാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കാമോ ;

(സി) പുതിയ പൊതുമേഖലാ വ്യവസായ സംരംഭങ്ങളിൽ പുതിയതായി എത്ര പേർക്ക് തൊഴിൽ നല്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

**വ്യവസായ സംരംഭങ്ങളുടെ രണ്ടാംഘട്ട വികസനത്തിന് പ്രവർത്തനമൂലധനം**

167 (3941) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭങ്ങൾക്ക് രണ്ടാംഘട്ട വികസനത്തിനായി പ്രവർത്തന മൂലധനം നൽകാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് വകുപ്പ് മുഖേന നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നിലവിൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകളുടെ രണ്ടാംഘട്ട വികസനം-വിപുലീകരണം, വൈവിദ്ധ്യവൽക്കരണം ആധുനികവൽക്കരണം എന്നിവ നടത്തുന്ന സംരംഭങ്ങൾക്ക് സംരംഭകത്വ സഹായ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപത്തിൽ മുടക്കുന്ന മുതലിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിപ്രകാരം ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നൽകിവരുന്നു.

(ബി) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സംരംഭകത്വ സഹായ പദ്ധതി. 28-12-2012 മുതൽക്കു നിലവിൽവന്ന പദ്ധതിപ്രകാരം സംസ്ഥാനത്ത് ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്ക് അവയുടെ സ്ഥിര നിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു. എന്നാൽ വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, യുവാക്കൾ (45 വയസ്സിൽ താഴെ) എന്നിവർക്ക് ഇത് 20% പരമാവധി 30 ലക്ഷം രൂപ വരെയാണ് ഈ പദ്ധതിപ്രകാരം സബ്സിഡി നൽകുക. മുൻഗണനാവിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾക്കും പിന്നോക്ക ജില്ലയിലെ സംരംഭങ്ങൾക്കും പുതിയ സാങ്കേതിക വിദ്യ പ്രയോഗിക്കുന്ന യൂണിറ്റുകൾക്കും 10% പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്സിഡി ലഭിക്കുന്നതാണ്. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളെ പിന്നോക്ക ജില്ലകളുടെ ഗണത്തിൽപ്പെടുത്തിയിരിക്കുന്നു. അവിടെ ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധികമായി നൽകുന്നു. പരമാവധി 30 ലക്ഷം രൂപവരെയാണ് സാമ്പത്തിക സഹായം നൽകുന്നത്. വിപുലീകരണം, വൈവിദ്ധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവ നടത്തുന്ന സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിൽ മുടക്കുന്ന മുതലിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു. നേരത്തെ സബ്സിഡി വാങ്ങിയിട്ടുണ്ടെങ്കിൽ അത് ലഭിക്കുന്ന പരമാവധി ധനസഹായത്തിൽനിന്ന് കുറവ് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly